# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.243 28.10.2019 ൽ മറുപടിക്ക്

## ആരോഗ്യമേഖലയിൽ സുസ്ഥിര വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ. | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | 2030 വർഷത്തോടെ ആരോഗ്യമേഖലയിൽ സുസ്ഥിര വികസനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച് രാജ്യത്ത് സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിന് മാതൃമരണ നിരക്ക് 2030 -ഓടു കൂടി ഒരു ലക്ഷം ജനനത്തിന് 70-ൽ താഴെ എത്തിക്കുക എന്നതാണ്.<br><br>എന്നാൽ കേരളം ഈ ലക്ഷ്യം ഇതിനകം കൈവരിച്ചു കഴിഞ്ഞു. അതായത് 2018-2019 വർഷത്തിൽ ആരോഗ്യ വകുപ്പിന്റെ കണക്ക് പ്രകാരം മാതൃമരണ നിരക്ക് ഒരു ലക്ഷത്തിന് 33 എന്ന നിരക്കിലാണ്. ഈ മാതൃമരണ നിരക്ക് 2020-ൽ 30 എന്നും 2030-ൽ 20 എന്നും എത്തിക്കുക എന്നതാണ് ലക്ഷ്യം.<br><br>ഐക്യരാഷ്ട്രസഭയുടെ നിർദ്ദേശം അനുസരിച്ച് നവജാത ശിശുക്കളുടെ മരണനിരക്ക് ആയിരം ജനനത്തിൽ 12-ൽ താഴെ എത്തിക്കുക എന്നതാണ് ഈ ലക്ഷ്യം. കേരളം ഇതിനകം ഇത് കൈവരിച്ചു കഴിഞ്ഞു. അതിനാൽ ശിശുമരണനിരക്ക് 10-ൽ താഴെ എത്തിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഇതു കൂടാതെ ശിശുക്കളിലെ തടയാൻ കഴിയുന്ന എല്ലാ ശിശുമരണവും തടയുക എന്നതും ലക്ഷ്യമാണ്.<br><br>2030 വർഷത്തോടെ ആരോഗ്യമേഖലയിൽ സുസ്ഥിര വികസനം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നവജാത ശിശുക്കളിലെ അനാരോഗ്യം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും സർക്കാർ ആശുപത്രികളിൽ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്; | (ബി) | നവജാത ശിശുക്കളിലെ അനാരോഗ്യം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ഉള്ള സൗകര്യങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, മറ്റ് സർക്കാർ ആശുപത്രികൾ എന്നിവയിൽ ലഭ്യമാണ്. നവജാത ശിശുക്കളിലെ ജനിതക മെറ്റബോളിക് രോഗങ്ങൾ കണ്ടുപിടിക്കുന്നതിനായുള്ള 'ന്യൂബോൺ സ്ക്രീനിംഗ്' (എൻ.ബി.എസ്.) ടെസ്റ്റ് 2013 മാർച്ച് മുതൽ നടപ്പാക്കി വരുന്നു. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & ക്ലിനിക്കൽ ലബോറട്ടറി, തിരുവനന്തപുരം, റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ്, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥാപനങ്ങളിലൂടെയാണ് ഈ പ്രോഗ്രാം നടപ്പാക്കുന്നത്. സംസ്ഥാനത്തെ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ജനിക്കുന്ന കുഞ്ഞുങ്ങളുടെ സ്ക്രീനിംഗ് ആണ് ഇപ്പോൾ |

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്നത്. മെഡിക്കൽ കോളേജുകൾ ഉൾപ്പടെ പ്രസവം നടക്കുന്ന ആശുപത്രികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. താഴെചേർത്തിരിക്കുന്ന നാല് ജനിതക മെറ്റബോളിക് രോഗങ്ങളാണ് ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാമിലൂടെ കണ്ടു പിടിയ്ക്കുവാൻ കഴിയുന്നത്.<br>1. കൺജെനിറ്റൽ ഹൈപ്പോ തൈറോയിഡിസം<br>2. കൺജെനിറ്റർ അഡ്റിനക്കൽ ഹൈപ്പർ പ്ലേസിയ<br>3. കൺജനിറ്റൽ ഗാലക്ടോസീമിയ<br>4. ജിം - പീഡിയ ഡെഫിഷ്യൻസി<br>വിദഗ്ധരായ ഡോക്ടർമാരുടെ മേൽനോട്ടവും പരിചയ സമ്പന്നരായ സയന്റിഫിക് ഓഫീസർമാരുടെയും ലാബ് ടെക്നീഷ്യൻമാരുടെയും സേവനം ആവശ്യമായ പരിശോനധനകൾ എല്ലാം നിലവിൽ തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും, റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും നടപ്പാക്കിയിട്ടുണ്ട്. സ്ക്രീനിംഗ് പോസിറ്റീവ് ആയ കുഞ്ഞുങ്ങളെ confirmatory test-ന് വിധേയമാക്കുകയും, വീണ്ടും പോസിറ്റീവ് ആകുന്ന കുഞ്ഞുങ്ങൾക്ക് എത്രയും പെട്ടെന്ന് ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നു. ആയതിനാൽ നേരത്തെയുള്ള ചികിത്സയുടെ മേൽപറഞ്ഞ രോഗങ്ങൾ മുഖാന്തരമുള്ള ബുദ്ധിമാന്ദ്യം പോലുള്ള ഗുരുതരാവസ്ഥ ഒഴിവാക്കാൻ കഴിയുന്നു.<br>ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ് സർക്കാർ മേഖലയിൽ ജനിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും ന്യൂബോൺ സ്ക്രീനിംഗ് നടപ്പാക്കുന്നത്. |
| (സി) | പ്രസ്തുത സംവിധാനം സ്വകാര്യമേഖലയിലും നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | (സി) | കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം നിബന്ധനകൾ പാലിക്കുന്ന സ്വകാര്യ ആശുപത്രികൾക്ക് യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പദ്ധതിയിൽ ഉൾപ്പെട്ട വാക്സിനുകൾ സൗജന്യമായി നൽകുന്നു. |

സെക്ഷൻ ഓഫീസർ